LIBRARY ARCHIVES Kerala Legislative Assembly

ചേലക്കര മണ്ഡലത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുവാൻ നടപടി

260 (1700) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നാളികേര ബയോപാർക്കിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. തൃശ്ശൂർ ജില്ലയിലെ ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയും 28-2-2014-ൽ ബയോപാർക്കിന്റെ ഓഫീസ്-കം-ഇൻഫർമേഷൻ സെന്ററിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. 23-7-2014-ൽ ചേർന്ന അഗ്രി ബയോപാർക്ക്സ് സൊസൈറ്റി ഗവേണിംഗ് കൗൺസിൽ തീരുമാനപ്രകാരം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കോഴിക്കോട് വടകരയിലുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാളികേര അധിഷ്ഠിത വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും സാങ്കേതിക സഹായങ്ങൾ നൽകുകയും ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

സംസ്ഥാന കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമി വിവിധ ആവശ്യങ്ങൾക്കായി വിട്ടു നൽകിയ നടപടി

261 (1701) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന കൃഷിവകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമിയിൽ 2011 ജൂൺ മുതൽ 2014 നവംബർ വരെ എത്ര ഭൂമിയാണ് വിവിധ ആവശ്യങ്ങൾക്കായി വിട്ടു നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇടുക്കി ജില്ലയിലെ അരീക്കുഴ ജില്ലാ കൃഷിത്തോട്ടത്തിൽനിന്നും 10 ഏക്കർ സ്ഥലം സ.ഉ.(കൈ) നമ്പർ 488/2013/റവന്യൂ തീയതി 1-11-2013 പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡിന് കാലിത്തീറ്റ ഫാക്ടറി പണിയുന്നതിനായി വിട്ടുനൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വലിയതുറ കോക്കനട്ട് നഴ്സറിയിൽനിന്നും 39 സെന്റ് സ്ഥലം തിരുവനന്തപുരം എയർപോർട്ടിന് സ.ഉ.(എംഎസ്.) നമ്പർ 410/2014/ആർ.ഡി. തീയതി 23-9-2014 പ്രകാരം നൽകിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ കോഴ ജില്ലാ കൃഷിത്തോട്ടത്തിൽനിന്നും 30 ഏക്കർ സ്ഥലം സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് കീഴിൽ സയൻസ് സെന്റർ സ്ഥാപിക്കുന്നതിന് വേണ്ടി സ.ഉ.(സാധാ) നമ്പർ 593/2013/കൃഷി തീയതി 3-4-2013 പ്രകാരം കൈമാറിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ ISDF എരുത്തേമ്പതിയിൽ നിന്നും 93.82 സെന്റ് സ്ഥലം കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റി, അയ്യന്തോൾ തൃശ്ശൂർ എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. HDF മലമ്പുഴയിൽനിന്നും 7 സെന്റ് സ്ഥലം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായി വിട്ടുനൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ, പന്തളം കുരമ്പ് വിത്തുല്പാദന കേന്ദ്രത്തിന്റെ ഭാഗമായുള്ള കോന്നി ജൈവകൃഷിത്തോട്ടത്തിന്റെ 2.1868 ഹെക്ടർ സ്ഥലം നിർദ്ദിഷ്ട കോന്നി മെഡിക്കൽ കോളേജിന്റെ റോഡ് നിർമ്മാണത്തിനുവേണ്ടി വിട്ടുനൽകിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ തിരുവനന്തപുരം ആനയറ AUWM-ന്റെ (കാർഷിക നഗര മൊത്ത വ്യാപാര വിപണി) അധീനതയിലുള്ള 3 1/2 ഏക്കർ സ്ഥലം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ പണിയുന്നതിന് പാട്ടവ്യവസ്ഥയിൽ കൈമാറിയിട്ടുണ്ട്. ആനയറ കാർഷിക മൊത്ത വ്യാപാര വിപണി AUWM-ലെ തന്നെ 37 1/2 സെന്റ് സ്ഥലം കേരള സ്റ്റേറ്റ് ഹോർട്ടിക്കൾച്ചറൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ റീജിയണൽ പ്രൊക്യൂർമെന്റ് സെന്ററിന് വിട്ടുകൊടുത്തിട്ടുണ്ട്.

ജൈവകൃഷി പ്രോത്സാഹിപ്പിക്കാനായി പദ്ധതി

262 (1702) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജൈവകൃഷി പ്രോത്സാഹിപ്പിക്കാനായി ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ് ; എത്ര ഗുണഭോക്താക്കൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly